വികേന്ദ്രീകരണത്തിന്റെ ഭാഗമായി കൈമാറിയ ശുദ്ധജല പദ്ധതികൾ

32 (182) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി എത്ര ശുദ്ധജല വിതരണ പദ്ധതികൾ ഇതിനകം ഗ്രാമം, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) കൈമാറിയ പദ്ധതികളിലെ ജീവനക്കാരെ സംബന്ധിച്ച് ഗവൺമെന്റ് എന്തൊക്കെ തീരുമാനങ്ങളാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഇതു സംബന്ധിച്ച് ബന്ധപ്പെട്ട ട്രേഡ് യൂണിയൻ നേതാക്കളുമായി ഗവൺമെന്റ് ചർച്ച നടത്തിയിട്ടുണ്ടോ ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി കഴിഞ്ഞ 3 വർഷങ്ങളിൽ കൂടിവെള്ള വിതരണവുമായി ബന്ധപ്പെട്ട് എത്രകോടി രൂപ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ഇതുവരെ എത്ര പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) മലപ്പുറം ജില്ലയിലെ ആറ് ശുദ്ധജല വിതരണ പദ്ധതികൾ ആദ്യ ഘട്ടമെന്ന നിലയിൽ അഞ്ച് ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്.

(ബി) തീരുമാനമൊന്നും എടുത്തിട്ടില്ല.

(സി) ഇല്ല.

(ഡി) ഉദിക്കുന്നില്ല.

(ഇ&എഫ്) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി പദ്ധതി വിഹിതം അനുവദിക്കുന്നത് ജനകീയാസൂത്രണ പദ്ധതികൾ നടപ്പിലാക്കുന്നതിനാണ്. ഇതിനായി ഓരോ വർഷവും സംസ്ഥാന ബഡ്ജറ്റിൽ പൊതുവിഭാഗം, പ്രത്യേകഘടക പദ്ധതി, ഗിരിവർഗ്ഗ ഉപപദ്ധതി എന്നീ വിഭാഗങ്ങളിലായി പദ്ധതി വിഹിതം അനുവദിക്കുകയാണ് ചെയ്യുന്നത്. ഈ തുക മുൻഗണനാക്രമത്തിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് തദ്ദേശസ്ഥാപനങ്ങൾ ചെലവഴിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഓരോ വർഷവും കൈമാറുന്ന തുകയെ സംബന്ധിച്ച വിവരം ബഡ്ജറ്റിലെ അപ്പൻഡിക്സ് IV ൽ ലഭ്യമാണ്. കുടിവെള്ള വിതരണത്തിനായി ബഡ്ജറ്റിൽ പ്രത്യേക തുക നീക്കി വയ്ക്കുന്നില്ല. 1214 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇത്തരത്തിൽ നടപ്പിലാക്കിയ പദ്ധതിയെക്കുറിച്ചുള്ള വിശദമായ വിവരങ്ങൾ ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly